# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3423 14/07/2015-ൽ മറുപടിക്ക്

## പോഷകാഹാരക്കുറവ് മൂലം മരണപ്പെട്ട പട്ടികവർഗ്ഗ ഗർഭിണികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | 2011 മെയ് മാസത്തിനു ശേഷം പോഷകാഹാരക്കുറവ് മൂലം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര ഗർഭിണികൾ മരണപ്പെട്ട കയുണ്ടായി ; | (എ) & (ബി) | 2011 ന് ശേഷം സംസ്ഥാനത്ത് പോഷകാഹാരക്കുറവ് മൂലം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികൾ മരിച്ചതായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അട്ടപ്പാടി മേഖലയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരലഭ്യത ഉറപ്പുവരുത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | പ്രസ്തുത സംഭവത്തെ തുടർന്ന് പട്ടികവർഗ്ഗ വിഭാഗത്തിലെ ഗർഭിണികൾക്ക് പോഷകാഹാര ലഭ്യത ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പി ലാക്കുന്നുണ്ടെന്നും അതിനായി എത്ര തുക ഇതിനോടകം ലഭ്യമാക്കിയെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാ ക്കുമോ ? | | |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**1. സപ്ലിമെന്ററി ന്യൂട്രീഷ്യൻ പ്രോഗ്രാം;-** മേൽ വിഭാഗക്കാരിൽപ്പെട്ട പോഷകാഹാര അപര്യാപ്തത കണ്ടെത്തിയിട്ടുള്ളവർക്ക് സാമൂഹ്യ നീതി വകുപ്പ് പോഷകാഹാര വിതരണം നടത്തുന്ന കേന്ദ്ര സഹായ പദ്ധതിയാണ്.

2013-14 വർഷത്തെ ചെലവ് -1,70,88,251/-രൂപ
2014-15 വർഷത്തെ ചെലവ് -1,59,90,273/-രൂപ

**2. കമ്മ്യൂണിറ്റി കിച്ചൻ;-** ഈ തുകകൾ കേന്ദ്രീകരിച്ച് അംഗൻവാടികൾ വഴി പൂരക ഭക്ഷണം വിതരണം ചെയ്യുന്ന പദ്ധതി മേഖലയിൽ 172 അംഗൻവാടികൾ പ്രവർത്തിക്കുന്നു.

2013-14 വർഷത്തെ ചെലവ് - 1,98,82,859/-രൂപ
2014-15 വർഷത്തെ ചെലവ് - 2,36,12,260/- രൂപ

**3. പോഷകാഹാര നിലവാരത്തെ കുറിച്ചുള്ള വിവരശേഖരണം;-** അട്ടപ്പാടിയിലെ 6 മാസം മുതൽ 5 വയസ്സു വരെയുള്ള കുഞ്ഞുങ്ങൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരക്കാരായ പെൺകുട്ടികൾ എന്നീ വിഭാഗങ്ങൾക്കിടയിൽ പോഷകാഹാരകുറവുള്ളവരെ കണ്ടെത്തുന്നതിനു വേണ്ടിയുള്ള സാമൂഹ്യ ക്ഷേമ വകുപ്പ് നടത്തിവരുന്ന പദ്ധതി.

**4. ഭക്ഷ്യസഹായ പദ്ധതി ;-** പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന ടി പദ്ധതികൾ പ്രാക്തന ഗോത്ര മേഖലയിൽ ഉൾപ്പെടെ വളരെ പിന്നോക്കാവസ്ഥയിലുള്ള പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നടപ്പിലാക്കുന്നു. 1600 പട്ടികവർഗ്ഗ കുടുംബങ്ങൾക്കു പദ്ധതി ആനുകൂല്യം ലഭിക്കുന്നു. 2014-15 വർഷം വിതരണം ചെയ്ത ഭക്ഷ്യധാന്യ കിറ്റിൽ ഉൾപ്പെട്ടിട്ടുള്ള ഇനങ്ങൾ.

ചെറുപയർ - 2 കിലോ
പഞ്ചസാര - 2 കിലോ
അരി - 5 കിലോ
വെളിച്ചെണ്ണ - 1 ലിറ്റർ.

ടി പദ്ധതി പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 32,81,349/- രൂപാ ചെലവഴിച്ചിട്ടുണ്ട്.

**5. ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്റർ;-** ആരോഗ്യവകുപ്പ് അട്ടപ്പാടി മേഖലയിൽ 3 ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിപ്പിക്കുന്നു. ഗുരുതരമായി വിളർച്ചാ രോഗമുള്ള കുട്ടികളെ കിടത്തി ചികിത്സിക്കുന്നു.

2014-15 വർഷത്തെ ചെലവ് - 10,94,000/

**6. ജനനി ജന്മരക്ഷാ പദ്ധതി;-** എ.പി.എൽ/ബി.പി.എൽ ഭേദമന്യേ എല്ലാ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രതിമാസം 1000/- രൂപ നിരക്കിൽ (പരമാവധി 18 മാസം) പോഷകാഹാരം വാങ്ങി കഴിക്കുന്നതിന് സമാശ്വാസ ധനസഹായം പട്ടികവർഗ്ഗ വികസനവകുപ്പ് മണിയോർഡറായി അയച്ചു നൽകുന്നു. പോഷകാഹാരകുറവ് ശ്രദ്ധയിൽപ്പെട്ട അട്ടപ്പാടി മേഖലയിലെ 755 പേർക്ക് പദ്ധതിയുടെ അനുകൂല്യം ലഭിച്ചിട്ടുണ്ട്. ഇതിനായി 43,77,550/- രൂപ ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്.

**7. ജാതക് ജനനി സോഫ്റ്റ് വെയർ;-** പോഷകാഹാര കുറവ് മോണിറ്റർ ചെയ്യുന്നതിന് യൂണിസെഫ്, NIRD എന്നിവയുടെ സഹായത്തോടെ വികസിപ്പിച്ചെടുത്ത സോഫ്റ്റ് വെയർ സംവിധാനം ജി.ഐ.എസ് ടെക്നോളജി ഉപയോഗപ്പെടുത്തുന്നു.

**8. ശബല കിറ്റുകളുടെ വിതരണം;-** പെൺകുട്ടികൾക്ക്, പൂരക പോഷകാഹാര വിതരണം ചെയ്യുന്ന ശബല പദ്ധതി സാമൂഹ്യനീതിവകുപ്പ് വഴി നടപ്പാക്കി വരുന്നു.

(signature)
സെക്ഷൻ ഓഫീസർ